# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 39 — 30.11.2015 -ൽ മറുപടിക്ക്

### പി.എസ്.സി യുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ.പി. തിലോത്തമൻ
,, ജി.എസ്. ജയലാൽ
,, വി.ശശി
,, ചിറ്റയം ഗോപകുമാർ

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ഒരു പ്രതിസന്ധിയിൽ എത്തിച്ചേ-രാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എ) ഉണ്ട്. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളായ 04(1) Tour TA, 28 PPSS, 34 OC എന്നീ ശീർഷകങ്ങളിലും 02 wages, 06 RRT എന്നീ ശീർഷകങ്ങളിലും 2015-16 സാമ്പത്തിക വർഷം ബജറ്റ് വിഹിതത്തേക്കാൾ (Non Plan - charged) കൂടുതൽ ചെലവ് വന്നതിനാലും ബജറ്റ് വിഹിതത്തിൽ മുൻ കാലങ്ങളിലേതു പോലെ ആനുപാതികമായ വർദ്ധനവ് ലഭിക്കാത്ത-തിനാലും, പരീക്ഷാ ചെലവുകൾ, വാടക എന്നിവ വർദ്ധിച്ചതിനാലുമാണ് ഈ പ്രതിസന്ധി ഉണ്ടായിട്ടുള്ളത്.

(ബി) നിയമനം ഉറപ്പായ ഉദ്യോഗാർത്ഥികളിൽ നിന്നും വെരിഫിക്കേഷൻ ഫീസ് ഈടാക്കാൻ പി.എസ്.സി തീരുമാനിച്ചിട്ടുണ്ടോ;

(ബി) നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളിൽ നിന്നും സർവ്വീസ് വെരിഫിക്കേഷൻ സമയത്ത് 1000/- രൂപാ ഈടാക്കുവാൻ പി.എസ്.സി തീരുമാനമെടുത്തിട്ടുണ്ട്.

(സി) പി.എസ്.സി യുടെ പ്രവർത്തന-ത്തിനാവശ്യമായ പണം സ്വയം കണ്ടെത്തണമെന്ന് ധനവകുപ്പ് നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ഇല്ല.

| | |
|---|---|
| (ഡി) പരീക്ഷാ സെന്ററുകളുടെ വാടക, ഇൻവിജിലേറ്റർമാരുടെ അലവൻസ് തുടങ്ങിയ ഇനങ്ങളിൽ കുടിശ്ശികയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ഡി) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് 4,92,000,00/- രൂപയാണ് ആകെ കുടിശ്ശിക ഉണ്ടായിരുന്നത്. സർക്കാർ പി.എസ്.സിയ്ക്ക് അധികമായി അനുവദിച്ച തുകയിൽനിന്നും മൂന്നു കോടി രൂപ ടി കുടിശ്ശിക തീർക്കുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. നിലവിൽ 1,92,000,00/-രൂപ ഈയിനത്തിൽ കുടിശ്ശിക ഉണ്ട്. |
| (ഇ) പി.എസ്.സി യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ? | (ഇ) കമ്മീഷനിലെ നാല് അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സാമ്പത്തിക അവലോകന കമ്മിറ്റി രൂപീകരിച്ചു. ടി കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ചെലവ് ചുരുക്കൽ നടപടികൾ കൈക്കൊണ്ടു വരുന്നു. |

Anadan

**സെക്ഷൻ ഓഫീസർ**